**പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 134 27/06/2011-ൽ മറുപടിയ്ക്ക്

**കയ്പമംഗലം ഫിഷറീസ് ഹൈസ്കൂൾ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.സുനിൽകുമാർ | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) കയ്പമംഗലം ഫിഷറീസ് ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് തീരദേശ വികസന ഫണ്ടിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | കയ്പമംഗലം ഫിഷറീസ് ഹൈസ്ക്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് തീരദേശ വികസന ഫണ്ടിൽ 41.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ ? | തീരദേശ വികസന പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം പഞ്ചായത്തിലെ ഗവൺമെന്റ് ഫിഷറീസ് ഹൈസ്ക്കൂളിന്റെ കെട്ടിട നിർമ്മാണത്തിനായി 41.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിയുടെ നിർവ്വഹണം തൃശ്ശൂർ നിർമ്മിതി കേന്ദ്രമാണ് നടത്തുന്നത്. റ്റി.ആർ.പി. ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ മുകളിൽ ഒന്ന്, രണ്ട് നിലകളായിട്ടാണ് തീരദേശ വികസന ഫണ്ടുപയോഗിച്ചുള്ള കയ്പമംഗലം ഫിഷറീസ് ഹൈസ്ക്കൂളിന്റെ നിർമ്മാണം നടത്തേണ്ടിയിരുന്നത്. റ്റി.ആർ.പി. ഫണ്ടുപയോഗിച്ചുള്ള താഴത്തെ നിലയുടെ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തീരദേശ വികസന പദ്ധതി പ്രകാരം അനുവദിച്ച തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ